**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5387** **12-08-2021 - ൽ മറുപടിയ്ക്ക്**

**പൂവാർ സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ കരുങ്കുളം, കാഞ്ഞിരംകുളം, പൂവാർ, തിരുപുറം, കോട്ടുകാൽ, കാരോട്, കുളത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ട തീരദേശത്തും പരിസരപ്രദേശങ്ങളിലും അനുഭവപ്പെടുന്ന വൈദ്യുതി ക്ഷാമവും വൈദ്യുതി തടസ്സവും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആയതിനുള്ള പരിഹാരം എന്ന നിലയിൽ പൂവാർ കെ. എസ്. ഇ. ബി 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്ന പ്രവൃത്തിയുടെ ഡി പി ആർ അംഗീകരിച്ചുണ്ടോ; ഇല്ലെങ്കിൽ ഡി പി ആർ അംഗീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | തിരുവനന്തപുരം ജില്ലയിലെ കരുംകുളം, കാഞ്ഞിരംകുളം, പൂവാർ, തിരുപുറം, കോട്ടുകാൽ, കാരോട്, കുളത്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടെ തീരദേശത്തും പരിസരപ്രദേശങ്ങളിലും അനുഭവപ്പെടുന്ന വൈദ്യുതി ക്ഷാമത്തിനും വൈദ്യുതി തടസ്സത്തിനും പരിഹാരം എന്ന നിലയിൽ നിലവിലുള്ള 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി ആക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ ഉണ്ട്. ഇതിനുള്ള സാങ്കേതിക പഠനം നടത്തി അപ്രൂവൽ ലഭിച്ചിട്ടുണ്ട്. ഡി.പി.ആർ അംഗീകരിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ